പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3729 11.12.2018-ലെ മറുപടിക്ക്

**ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ**

ചോദ്യം

ശ്രീ.എം.ഉമ്മർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3100 കോടി രൂപയുടെ വായ്പ 31-03-2018-ൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമായിട്ടുണ്ട്. |
| (ബി) | 2018-19 സാമ്പത്തിക വർഷം കെ എസ്.ആർ.ടി.സി. പുനരുദ്ധാരണ വർഷമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.<br><br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ. ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിനുമായി പുതിയ തരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം - കോഴിക്കോട്, കോഴിക്കോട് - |

| | | | |
|---|---|---|---|
| | | | കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കേരളത്തിലെ എയർപോർട്ടുകളിൽ നിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസുകൾ എന്ന പേരിൽ പുതിയ എ.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർ പോർട്ടുകളിൽ നിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle -ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യപ്രയത്നത്തിന്റെ |

| | | | |
|---|---|---|---|
| | | | ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിൽ ഉള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നൽകിവരുന്നു. ടയർ മൈലേജ് വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി ക്രഡിറ്റ് / ഡെബിറ്റ് കാർഡുകൾ / എൻ.സി.എം.സി / ക്യൂ.ആർ കോഡ് എന്നിവ ഉപയോഗിച്ച് ടിക്കറ്റ് എടുക്കുന്നതിനുള്ള സംവിധാന ത്തോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ (ETM) വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്. ടി സംവിധാനങ്ങളോടു കൂടി ഇ.ടി.എം-കൾ പരീക്ഷണാടിസ്ഥാന ത്തിൽ നിലയ്ക്കൽ - പമ്പ ചെയിൻ സർവ്വീസിന് നൽകിയിട്ടുണ്ട്. ഇത് കൂടാതെ നിലയ്ക്കലിൽ പത്തും, പമ്പയിൽ അഞ്ചും സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനങ്ങളോടു കൂടിയ പുതിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി Human Resource-ഉം, Payroll-ഉം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് M/s. Keltron-മായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. യാത്രക്കാരെ കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 558 സർവ്വീസുകളിൽ ഓൺലൈൻ |

| | | | |
|---|---|---|---|
| | | | റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്. |
| (സി) | ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചതു മൂലമുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചതുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തുകയും, പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിലേക്കാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ഷെഡ്യൂളുകൾ പരിഷ്കരണം നടത്തുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങളും ഇതിനോടകം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**